(ബി) സി.ഇ. ഓഫീസിലെ എല്ലാ വിഭാഗങ്ങളും ഒരു നെറ്റുവർക്കിന്റെ കീഴിൽ കൊണ്ടുവരുന്ന നടപടി ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. സെക്ഷൻ ഓഫീസുകൾ, സി. ഇ. ഓഫീസുകൾ, സെക്രട്ടേറിയേറ്റ് ഇവയെല്ലാം കൂടി ഒരു ശൃംഖലയുടെ കീഴിൽ കൊണ്ടുവരുന്ന പ്രവർത്തനം ഘട്ടംഘട്ടമായി ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിലെ സീനിയോറിറ്റി സെല്ലിലെ പ്രവർത്തന കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടി

101 (3742) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള പൊതുമരാമത്ത് വകുപ്പിലെ സീനിയോറിറ്റി സെല്ലിന്റെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റാലം പാലസിന്റെ മേൽനോട്ടവും ഭരണവും

102 (3743) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കുറ്റാലം പാലസിന്റെ മേൽനോട്ടവും ഭരണവും ഏത് ഉദ്യോഗസ്ഥനിലാണ് നിക്ഷിപ്തമായിട്ടുള്ളത് ;

(ബി) ഭരണവും മേൽനോട്ടവും പാരമ്പര്യമായി നടത്തിവരുന്ന വ്യക്തികളിലാണ് എങ്കിൽ അതിന് ആധാരമായിട്ടുള്ള കാര്യങ്ങളെന്താണ് ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇപ്പോൾ കുറ്റാലം പാലസ് സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നതാരാണ് ; ഇദ്ദേഹത്തിന്റെ പേരു വിവരവും യോഗ്യതയും വെളിപ്പെടുത്തുമോ ;

(ഡി) പാലസ് സൂപ്രണ്ട് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വിവിധ സംസ്ഥാനങ്ങളിലായി അനധികൃത കൈയേറ്റത്തിന് വിധേയമായിട്ടുള്ളതുമായ വസ്തുവകകളുണ്ടോ ; എങ്കിൽ ഏതെല്ലാം ;

(എഫ്) അവ വീണ്ടെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly